# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4305.

27.6.2013 ൽ മറുപടിക്ക്

**ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വയംഭരണം നടപ്പാക്കുന്നത് സംബന്ധിച്ച്**

**ചോദ്യം**

ശ്രീമതി. കെ.എസ്. സലീഖ

**മറുപടി**

ശ്രീ.പി.കെ. അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വയംഭരണം നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; | എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വയംഭരണം നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ പ്രൊഫ.എൻ.ആർ.മാധവമേനോൻ ചെയർമാനായ ഒരു കമ്മിറ്റിയെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ചുമതലപ്പെടുത്തിയിരുന്നു. |
| ബി) | എങ്കിൽ ആരൊക്കെയാണ് കമ്മീഷൻ അംഗങ്ങൾ ;ചെയർമാൻ ആരായിരുന്നു. എന്തൊക്കെ നിഗമനങ്ങളാണ് കമ്മീഷൻ കണ്ടെത്തിയത് ; വിശദാംശം വ്യക്തമാക്കുമോ ; | ബി)യും സി)യും | കമ്മിറ്റി അംഗങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.<br>പ്രൊഫ.എൻ.ആർ.മാധവമേനോൻ-ചെയർമാൻ.<br>പ്രൊഫ.ലോപ്പസ് മാത്യു-കൺവീനർ<br>പ്രൊഫ.എൻ.പ്രസന്ന കുമാർ<br>പ്രൊഫ.മീനാക്ഷി ഗോപിനാഥ്<br>പ്രൊഫ.കെ.എം.ഫ്രാൻസിസ്<br>പ്രൊഫ.റുബിൾ രാജ്<br>പ്രൊഫ.അബ്ദുൾ ഹമീദ്<br>പ്രൊഫ.ജി.ഗോപകുമാർ<br>പ്രൊഫ.ജി.ബാലചന്ദ്രൻ<br>പ്രൊഫ.ജാസിന്ത ക്വാഡ്രാസ്<br>പ്രൊഫ.എൻ.കെ.ഭാസ്കരൻ |

| | | | |
|---|---|---|---|
| സി) | പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | | കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. |
| ഡി) | പ്രസ്തുത കമ്മീഷൻ പ്രവർത്തനങ്ങൾക്ക് എന്ത് ഇക ചെലവഴിച്ചു ; | ഡി) | ₹4,48,631(നാലു ലക്ഷത്തി നാല്പത്തി എണ്ണായിരത്തി അറുനൂറ്റി മുപ്പത്തി ഒന്ന് രൂപ) |
| ഇ) | വിദ്യാഭ്യാസ മേഖലയിലെ സർക്കാർ നിയന്ത്രണം ഒഴിവാക്കി സ്വയംഭരണം നടപ്പാക്കുന്നത് വിദ്യാഭ്യാസ മേഖലയുടെ വാണിജ്യവൽക്കരണത്തിനും, പലവിധ ചൂഷണങ്ങൾക്കും, സ്വകാര്യ മേഖലയുടെ കടന്നുകയറ്റങ്ങൾക്കും ഇടയാക്കുമെന്നും സർക്കാരിന് വിദ്യാഭ്യാസ മേഖലയുടെ നിയന്ത്രണം നഷ്ടപ്പെടും എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഇ) യും എഫ്) ഉം | സ്വയംഭരണവകാശം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് അക്കാഡമിക് സ്വയംഭരണം മാത്രമാണ്. ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികളിന്മേൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ് |
| എഫ്) | എങ്കിൽ ഇതു സംബന്ധിച്ച് ഒരു സർവ്വകക്ഷി പഠനസംഘത്തെ സർക്കാർ നിയോഗിക്കാനും പ്രസ്തുത സംഘത്തിന്റെ പഠന റിപ്പോർട്ടുകൂടി വാങ്ങി പരിശോധിച്ചശേഷം മാത്രം ഇക്കാര്യം നടപ്പിലാക്കുവാനും സർക്കാർ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**